K24U 1668

Reg. No. : ...............................

Name : ...................................

**Second Semester B.A. Degree (CBCSS – OBE-Regular/Supplementary/ Improvement) Examination, April 2024**
**(2019 Admission Onwards)**
**CORE COURSE IN MALAYALAM**
**2B02 MAL : ചെറുകഥാസാഹിത്യം**

Time : 3 Hours　　　　Max. Marks : 40

I. **മുന്നൂറു** വാക്കിൽ കവിയാതെ **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **ഏഴ്** മാർക്ക് വീതം.

1) ആഖ്യാനത്തിലും പ്രമേയത്തിലും ആദ്യകാലകഥകൾ പുലർത്തിയ സവിശേഷതകൾ പാഠഭാഗങ്ങളെ ആസ്പദമാക്കി വിശദീകരിക്കുക.

2) കൃത്യമായ സമുദായപരിഷ്കരണലക്ഷ്യത്തോടെ രചിക്കപ്പെട്ട ചെറുകഥയാണ് 'യാത്രാവസാനം'. വിശദമാക്കുക.

3) ടി. പദ്മനാഭൻ കഥകളുടെ സവിശേഷമുദ്രകൾ പതിഞ്ഞ കഥയാണ് 'നളിനകാന്തി' – വിവരിക്കുക.

4) 'തൊട്ടപ്പൻ' എന്ന കഥയിലെ പ്രമേയവും ആഖ്യാനവും ഉത്തരാധുനികത പകരുന്ന സംവേദനശീലങ്ങളുടേതാണ് – സമർത്ഥിക്കുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ **4** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **3** മാർക്ക് വീതം.

5) ശേഖരക്കുറുപ്പ് നിർദ്ദോഷിയാണെന്ന് ഈച്ചരമേനോൻ സ്ഥാപിക്കുന്നതെങ്ങനെ ?

6) 'മുപ്പതുകളിൽ ഒരു സ്ത്രീ കടിഞ്ഞാണില്ലാത്ത കുതിരയാണ്'. – സന്ദർഭം വിശദമാക്കുക.

7) 'ബംഗാളിയും പഞ്ചാബിയും കെട്ടിപ്പിടിച്ച് അന്യോന്യം ആശ്വസിപ്പിക്കാൻ ശ്രമിച്ചു. അനാഥത്വത്തിന് ഭാഷയും ദേശവും അതിരിട്ടില്ല' – സൂചിതം വ്യക്തമാക്കുക.

8) സമകാലിക സമൂഹത്തിലെ മൂല്യച്യുതികൾ 'ഒരു വായനാശാലാ വിപ്ലവം' എന്ന കഥയെ ആസ്പദമാക്കി വിവരിക്കുക.

P.T.O.



9) 'പരേതനുവേണ്ടി ഒന്ന് കരയാൻപോലും ആ ദിവസം ആർക്കും സമയം കിട്ടിയിരുന്നില്ലല്ലോയെന്ന്, അവൾ ഓർത്തു.' സൂചിതം വ്യക്തമാക്കുക.

10) 'ദയകൊണ്ട് കഷ്ടപ്പെടുന്നവരും ലോകത്തിൽ കുറച്ചുണ്ട്. അല്ലേ' ? – ഇങ്ങനെ അഭിപ്രായപ്പെടാൻ ഇടയാക്കിയ സംഭവം വിവരിക്കുക. **(4×3=12)**

III. **100** വാക്കിൽ കവിയാതെ **4** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **2** മാർക്ക് വീതം.

11) 'ആ ചോദ്യത്തിനു മുന്നിൽ ഫ്രാൻസിസിന്റെ തയ്യൽക്കട നടുങ്ങിപ്പോയി', സൂചിതം വ്യക്തമാക്കുക.

12) 'ജീവിതം ഇന്നിലെത്തുമ്പോൾ എത്ര വിരസം' – 'വാരാന്ത്യങ്ങൾ' എന്ന കഥയിലെ നായിക ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?

13) "പേരെന്താണ് ?" അതിഥിയുടെ ജീവചരിത്രം തന്നെ എഴുതാൻ തയ്യാറെടുത്തുകൊണ്ട് അവർ ചോദിച്ചു. – എന്തൊക്കെ ചോദ്യങ്ങളാണ് ചോദിച്ചത് ? കാരണമെന്ത് ?

14) "ഞാൻ ആരോടെല്ലാം അടുത്തു സംസാരിച്ചിട്ടുണ്ടോ അവരെല്ലാം എന്റെ പരമസ്നേഹിതരായിത്തീർന്നിട്ടുമുണ്ട്" – ഇങ്ങനെ ചിന്തിക്കുന്നതാര് ? പരിണത ഫലം എന്തായിരുന്നു ?

15) 'തന്റെ അനുവാദമില്ലാതെ ജീനുകൾ വഴി പകർന്നുകിട്ടിയ എന്തോ ഒന്ന് ബന്ധങ്ങളെ ഉലയ്ക്കുന്നു'. – ഹരി ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?

16) 'അന്നത്തെ ആ വണ്ടി യാത്ര ഓർക്കുമ്പോൾ എനിക്കിന്നും ഭയമാകുന്നു' – സൂചിതം വ്യക്തമാക്കുക. **(4×2=8)**

IV. **നാലു** ചോദ്യങ്ങൾക്ക് കുറിപ്പുകൾ തയ്യാറാക്കുക. **ഒന്നര** മാർക്ക് വീതം.

17) ഗുരുവായൂർക്ക് പോകാൻ യാത്രച്ചെലവിനുള്ള തുക ശ്രീദേവി ഉണ്ടാക്കിയതെങ്ങനെ ?

18) "എനിക്കു വെറുതെ പണം വേണ്ട. എന്നെ പണിയെടുക്കാൻ സമ്മതിക്കണം." – ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

19) "ആള് പോയിട്ട്ണ്ട്. ഇപ്പോ വരും". അവർ ദയനീയമായി അപേക്ഷിച്ചു. – ആരാണ് അപേക്ഷിച്ചത് ? എപ്പോൾ ?

20) "എന്താ ചെയ്യാന്ന് ഒരു പിടീം കിട്ട്ണില്ല മാമാ." – ആര് ആരോട് പറയുന്നു ? സന്ദർഭമേത് ?

21) "തന്തയുടെ സ്വഭാവമാ കിട്ടിയിരിക്കുന്നത്." സൂചിതം വ്യക്തമാക്കുക.

22) ലൂക്കാച്ചേട്ടനെ ജോണിക്കുട്ടി വിളിച്ചുവരുത്തിയതെന്തിനായിരുന്നു ? **(4×1½=6)**

______________